# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 744 03.12.2014-ൽ മറുപടിക്ക്

### തൈറോയ്ഡ് രോഗം

**ചോദ്യം**

ശ്രീ. സാജുപോൾ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ

(ബഹു.ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൈറോയ്ഡ് രോഗം വ്യാപകമായി കണ്ടു വരുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അയഡിൻ ചേർത്ത ഉപ്പ് ഉപയോഗിച്ചിട്ടും തൈറോയ്ഡ് രോഗമുള്ളവരുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തൈറോയ്ഡ് രോഗത്തെ സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | തൈറോയ്ഡ് ഗ്രന്ഥിയിലുണ്ടാകുന്ന എല്ലാ അസുഖങ്ങളും അയഡിന്റെ അഭാവം മൂലമല്ല. അതിന്റെ കാരണം കണ്ടുപിടിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. തൈറോയ്ഡ് രോഗത്തെ സംബന്ധിച്ച് നാഷണൽ അയഡിൻ ഡിസ്സോർഡർ കൺട്രോൾ പ്രോഗ്രാം (NIDDCP) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ അയഡിന്റെ അഭാവം മൂലമുള്ള ഗോയിറ്റർ ഉണ്ടോ എന്ന് ആരോഗ്യവകുപ്പ് സർവ്വേ നടത്തുന്നുണ്ട്. ICMR വഴിയും ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തുന്നുണ്ട്. |
| (ഡി) | രോഗനിർണ്ണയത്തിനും നിയന്ത്രിക്കുന്നതിനും മതിയായ സൗകര്യങ്ങളില്ലാത്തതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | രോഗനിർണ്ണയത്തിനും നിയന്ത്രണത്തിനും സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്നിവിടങ്ങളിൽ സൗകര്യങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ